[Mr. P. Govinda Menon]

യോടുകൂടിയാണ് ഇരിക്കുന്നത്. മുസ്ലീം വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം സ്കോളർഷിപ്പിന്റെ കാര്യത്തിലും, സ്റ്റൈപ്പന്റിന്റെ കാര്യത്തിലും പല ആനുകൂല്യങ്ങളും ചെയ്യുന്നുണ്ട്. അതുകൊണ്ട് അവക്കുള്ള ആനുകൂല്യങ്ങൾ വെട്ടിച്ചുരുക്കിയെന്നു പറയരുതെന്നാണ് എന്റെ അപേക്ഷ.

Mr. P. A. Mohammed Ashrof *(Cranganur):* May I make a suggestion, Sir,

Mr. President: Order, it is time.

Mr. P. A. Mohammed Ashrof *(Cranganur):* Sir, I only want a minute.

Mr. President: All right, the Hon'ble Member may take a few seconds more.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: വിദ്യാഭ്യാസത്തിനു സ്വീകരിക്കുന്ന മുഴുവൻഫീസ്സാക്കുന്നുണ്ട്. എന്നാൽ എനിക്കു പറയാനുള്ളത് സാധുക്കളായ വിദ്യാർത്ഥിനികൾക്കു കഴിയുവിധത്തിലുള്ള പ്രോത്സാഹനങ്ങൾ കൊടുക്കണം എന്നാണ്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് ഒരു നയമായി ഗവൺമെണ്ടു സ്വീകരിച്ചിട്ടുണ്ടു്.

Mr. President: The question is that Government be granted a sum of Rs. 62,19,604 under 23—Education.

Motion put and carried

Mr. P. Govinda Menon *(Minister for Food and Education):* Sir, with your special leave I have to state that before the Budget was printed, decisions have been taken by Government to start a Callcge at Chittur and that an amount of Rs. 55,000 is required for that purpose. Strictly speaking, it ought to have been an amendment to the Budget as it stands; but I would crave your indulgence and leave at this stage to pray for an additional allotment of Rs. 55,000 for Education.

Mr. President: The question is that Government be granted an additional allotment of Rs. 55,000 under "23—2—Collegiate Education" in the 1123 Budget.

Demand put and carried

Mr. P. Govinda Menon *(Minister for Food and Education):* I will state, at this stage, that it is only a matter of adjustment. This Rs. 55,000—I am stating it for the information of the House—will be in addition to the Budget as it is. It will not make any difference when the final addition of the Budget is made.

Mr. President: It means that it is a supplementary grant adding to it.

Mr. M. K. Raja *(Mulakunnathukavu):* May I know, Sir, what are the specific items which make up this huge amount?

Mr. P. Govinda Menon *(Minister for Food and Education):* They are in the note to the Standing Finance Committee. It was examined by the Standing Finance Committee and passed by them.

(2) 15—Education—Cranganur

Mr. P. GovindaMenon *(Minister for Food and Education):* I move that an amount of Rs. 1,70,420 be granted to Government under "15—Education—Cranganur".

Mr. President: The question is that Government be granted a sum of Rs. 1,70,420 under "15—Education—Cranganur".

Demand put and carried

(3) 37—Uplift of the Depressed Classes

റാവുസാഹിബ് കെ. അയ്യപ്പൻ: അധഃകൃതോദ്ധാരണത്തിനുവേണ്ടിയുള്ള ഡിമാൻഡ് ഉന്നയിക്കുള്ള ബഹുമതി ഞാൻ ഇവിടെ അവതരിപ്പിക്കുന്നു. ഇതു് ഈ സഭ പാസ്സാക്കിത്തരുവാൻ അപേക്ഷിക്കുന്നു.

സർ, ഇവിടത്തെ അധഃകൃതോദ്ധാരണ പ്രവർത്തികൾ കൊച്ചിയ്ക്കു് അഭിമാനകരമായി എടുക്കാവുന്ന ഒരു സംഗതിയാണു്. ഇന്ത്യയിൽ മറെറങ്ങുമില്ലാത്തമാതിരി, മറെറാരു ഗവൺമെണ്ടു് ചെയ്യാത്തമാതിരി വളരെ മുമ്പുതന്നെ കൊച്ചിരാജ്യത്തു തുടങ്ങിട്ടുള്ള അധഃകൃതോ

LIBRARY ARCHIVES Kerala Legislative Assembly

ലാരണ നയംമൂലം പ്രശസ്തമായ ഒരു നില ആ കായ്ത്തിൽ ഈ രാജ്യത്തിന്നു ലഭിച്ചിട്ടുണ്ട്. അധഃകൃതോദ്ധാരണ കായ്ത്തിൽ നാനാമുഖങ്ങളായ കായ്ങ്ങളാണ് ഗവമ്മെണ്ടു് ചെയ്യുന്നതു്. അതിൽ ഏറ്റവും പ്രധാനമായിട്ടുള്ളതു് വിദ്യാഭ്യാസമാണു്. ഈ സമുദായങ്ങൾക്കു വിദ്യാഭ്യാസം കൂടാതെ ശരിയായ ഉന്നമനം ഉണ്ടാകയില്ലായെന്നു ആദ്യംമുതല്ക്കേ ഗവമ്മെണ്ടിന്നു ബോദ്ധ്യമായതുകൊണ്ടാണു് അധഃകൃതരുടെ വിദ്യാഭ്യാസകായ്ത്തിൽ ഉദാരമായ ഒരു നയം ഗവമ്മെണ്ടു് സ്വീകരിച്ചിട്ടുള്ളതു്. ഞാൻ ഇന്നലെ ഒരു മീറ്റിങ്ങിന്നുപോയി. വാലസമുദായത്തിൽനിന്നു ബി. എൽ. പാസ്സായ ഒരാളെ അനുമോദിക്കുന്നതിന്നു കൂടിയ ഒരു മീറ്റിങ്ങായിരുന്നു അതു്. വാലസമുദായം അധഃകൃതസമുദായങ്ങളേക്കാൾ ധനസ്ഥിതിയിലും, മറ്റുപ്രകാരത്തിലും ഭേദപ്പെട്ട നിലയിൽ നില്ക്കുന്ന ഒരു സമുദായമാണു്. ആ സമുദായത്തിൽനിന്നു ആദ്യമായി ബി. എൽ. പാസ്സായ ഒരാളെ അനുമോദിയ്ക്കുവാനാണു് ഇന്നലെ മീറ്റിങ്ങുകൂടിയതു്. എന്നാൽ അതിനേക്കാൾ കൂടുതൽ വിദ്യാഭ്യാസമുള്ളവർ ഇന്നു അധഃകൃതസമുദായത്തിലുണ്ടു്. അധഃകൃതസമുദായത്തിൽ ഇപ്പോൾ LLB. പാസ്സായ രണ്ടുപേരുണ്ടു്. രണ്ടുപേർ രണ്ടാമത്തെ കൊല്ലത്തെ ലോ കോഴ്സിൽ എത്തിയിട്ടുണ്ടു്. ഇക്കൊല്ലം രണ്ടുപേരെ ലോ സ്റ്റഡിക്കു് പുതിയതായി അയച്ചിട്ടുണ്ടു്. ഇതിന്നു പുറമെ വൈദ്യവിദ്യാഭ്യാസത്തിന്നു ഒരധഃകൃതനെ ഇക്കൊല്ലം കല്ലൂട്ടയിലേയ്ക്കയച്ചിട്ടുണ്ടു്. ആയുർവ്വേദപഠനത്തിന്നു അഡ്മിഷൻ കിട്ടുകയാണെങ്കിൽ അതിന്നും ആളെ അയക്കാൻ നിശ്ചയിച്ചിട്ടുണ്ടു്. ഈ പറഞ്ഞതെല്ലാം പുറമേയുള്ള വിദ്യാഭ്യാസത്തെ സംബന്ധിച്ചാണു്. ഇനി ഈ രാജ്യത്തിനകത്തു അവർക്കു കൊടുക്കുന്ന വിദ്യാഭ്യാസകായ്ത്തെപ്പറ്റി പറയാം. കോളേജ് ക്ലാസുകളിൽ അധഃകൃതസമുദായത്തിലെ ന്യൂനകൂട്ടികളോളം പഠിക്കുന്നുണ്ടു്. കഴിഞ്ഞകൊല്ലം 6 കുട്ടികൾക്കു പ്രമോഷൻ കിട്ടിയിട്ടില്ലായെങ്കിലും, അവരും പഠിക്കുന്നുണ്ടു്. അവരുൾപ്പടെ 10-ൽപരം കുട്ടികൾ അധഃകൃതസമുദായങ്ങളിൽനിന്നു കോളേജിൽ പഠിക്കുന്നുണ്ടു്. സെക്കണ്ടറി വിദ്യാഭ്യാസത്തിലും, പ്രൈമറി വിദ്യാഭ്യാസത്തിലും, അഭ്യസനം നടത്തുന്ന കുട്ടികളുടെ സംഖ്യ കൊല്ലംതോറും വർദ്ധിച്ചുവരുകയാണു് ചെയ്യുന്നതു്. അവരുടെ വിദ്യാഭ്യാസകായ്ത്തിൽ, വളരെ മുമ്പുതന്നെ, ഗവമ്മെണ്ടു് മാത്രമല്ല, എല്ലാ ജനവിഭാഗക്കാരും, ഈ നിയമസഭയിലെ എല്ലാ കക്ഷികളും, ബുദ്ധിപൂർവ്വമായ ഒരു നയമാണു് എടുത്തിട്ടുള്ളതു്. അതുകൊണ്ടു് നാം അധഃകൃതോദ്ധാരണകായ്ത്തിൽ വളരെ ഉത്സാഹത്തോടുകൂടി പ്രവർത്തിച്ചിട്ടുണ്ടു്, എന്നുള്ളതു് നമുക്കു അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. ഇത്രയും പറഞ്ഞതുകൊണ്ടു ആ കായ്ത്തിൽ, ചെയ്യേണ്ടതെല്ലാം ചെയ്തുകഴിഞ്ഞു എന്നല്ല ഞാൻ പറയുന്നതു്. മറ്റു സ്ഥലങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ നമുക്കു അഭിമാനിക്കാവുന്ന ഒരു നിലയാണു് ഈ കായ്യത്തിലുള്ളതു്. സ്കൂളുകളിലും, കോളേജുകളിലും, പല കായ്ങ്ങളിലും അധഃകൃതവിദ്യാർത്ഥികൾക്കു ഇനിയും വേണ്ട സൌകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിന്നു ശ്രമിക്കുന്നുണ്ടു്.

ഈയവസരത്തിൽ ഹരിജൻ ഹോസ്റ്റലിനെ സംബന്ധിച്ചു ഒരു വാക്കു പറയാം. തൃശ്ശിവപേരൂർ ഒരു ഹരിജൻ ഹോസ്റ്റൽ തുടങ്ങാൻ വേണ്ടിടത്തോളം കുട്ടികൾ അവിടെയില്ല അവിടെ രണ്ടു കുട്ടികൾ മാത്രമെ ഇപ്പോൾ പഠിക്കുന്നുള്ളു. കുട്ടികൾ അധികമായി വരുമ്പോൾ അവിടെ ഒരു ഹരിജൻ ഹോസ്റ്റൽ തുടങ്ങാൻ പ്രയാസമുണ്ടാകയില്ല. അതുവരെ അവിടെ ഇപ്പോഴുള്ള കുട്ടികൾക്കു വേണമെങ്കിൽ എറണാകുളത്തുള്ള ഹരിജൻ ഹോസ്റ്റലിൽ ചേരാം. അവർക്കു് ഇവിടെ അഡ്മിഷൻ കിട്ടാൻ യാതൊരു ബുദ്ധിമുട്ടും ഉണ്ടാകയില്ല. എത്ര അധഃകൃത വിദ്യാർത്ഥികൾ വന്നാലും, അവരെയെല്ലാം കോളേജിൽ ചേർത്തുകൊള്ളണമെന്നാണു് ഗവമ്മെണ്ടുവെച്ചിട്ടുള്ളതു്. ഹരിജനങ്ങൾക്കു പ്രത്യേക ഹോസ്റ്റൽ തുടങ്ങേണ്ട ആവശ്യമില്ല എല്ലാവർക്കുംകൂടി ഒരു ഹോസ്റ്റൽ മതിയെന്നു ഈ നിയമസഭതന്നെ തീരുമാനിക്കൽ ആവശ്യപ്പെട്ടപ്രകാരം അധഃകൃതരെ പ്രത്യേകം നിർത്തുന്നതു ശരിയല്ലെന്നു ഗവമ്മെണ്ടിന്നു തോന്നി. എന്നാൽ ഹരിജൻ ഹോസ്റ്റലിന്നു ചിലവു വളരെ കൂടുവാണു്. അതുകൊണ്ടാണു് ഇപ്പോൾ അതു തുടർന്നുവരുന്നതു്. എന്നാൽ അവിടെനിന്നു ആ കുട്ടികളെ കോളേജ് ഹോസ്റ്റലിലേയ്ക്കു നീക്കീട്ടുണ്ടു്. അവർക്കു ഹരിജൻ ഹോസ്റ്റലിനേക്കാൾ കൂടുതൽ ചിലവു അവിടെവരും. എന്നാൽ കൂടുതൽ വരുന്ന ചിലവു നഷ്ടപ്പെട്ടു് നിയമസഭ ആവശ്യപ്പെട്ട തത്വം സ്വീകരിക്കണമെന്നു വിചാരിച്ചാണു് അങ്ങിനെ ചെയ്തിട്ടുള്ളതു്.

സർവ്വീസ്സിൽ അവർക്കു ശരിയായ പ്രാതിനിദ്ധ്യം കിട്ടുന്നതു് അവരുടെ സാമുദായിക നിലക്കു ഒരു മാറ്റം വരുത്തുവാൻ വളരെ സഹായിക്കും. എന്നാൽ പലയരെ സംബന്ധിച്ചിടി

LIBRARY ARCHIVES Kerala Legislative Assembly

[Rao Sahib K. Ayyappan]—*(cont.)*

ത്തോളം വേണ്ടിടത്തോളം യോഗ്യത സമ്പാദിച്ചിട്ടുള്ള ആളുകൾ ഇല്ലാത്തതുകൊണ്ട് ജന സംഖ്യയനുസരിച്ചു വേണ്ടിടത്തോളം കാഷ്ട അവക്ക് നീക്കിവെച്ചിട്ടില്ല. അവക്ക് നീക്കിവെച്ചിട്ടുള്ള കാഷ്ട മുഴുവൻ നികത്തുവാൻ ആളുകളെ കിട്ടാതെ വരുന്നുണ്ട്. അവരിൽ യോഗ്യത സമ്പാദിച്ച ആക്കും ഉദ്യോഗം കിട്ടാതെ വരുന്നില്ല. മറ്റു അധഃകൃതസമുദായങ്ങളെ സംബന്ധിച്ചിടത്തോളം, അവക്ക് കണക്കുപ്രകാരം കിട്ടേണ്ട ഉദ്യോഗങ്ങൾ ശരിയായി കിട്ടുന്നില്ലായെന്നുള്ള പരാതി വന്നപ്പോൾ ഗവണ്മെണ്ട് അവരെ അൻപതോളം വരുന്ന സമുദായങ്ങളുള്ള ഒരു ഗ്രൂപ്പിൽ മാറ്റി പ്രത്യേക ഗ്രൂപ്പാക്കിയിട്ടുണ്ട്. ഇനിയും അവക്ക് ശരിക്കുപ്രാതിനിദ്ധ്യം കിട്ടുന്നില്ല എന്നുവന്നാൽ ഗവണ്മെണ്ട് അതിനെപ്പറ്റി വീണ്ടും ആലോചിക്കും. ഇതുകൊണ്ടുമാത്രം ഗവണ്മെണ്ട് തൃപ്തിപ്പെട്ടിട്ടില്ല. സ്റ്റാഫ് സെലക്ഷൻ ബോർഡിന്റെ പരിധിയിലുള്ള ഉദ്യോഗങ്ങൾ കിട്ടുന്നതുപോലെതന്നെ എക്സിക്യൂട്ടീവ് അധികാരമുള്ള ചില ഉദ്യോഗങ്ങൾ അവക്ക് കിട്ടുന്നതു അവരുടെ സമുദായത്തിന്റെ നിലയെ ഉയർത്താൻ വളരെ സഹായിക്കും എന്നുള്ളതുകൊണ്ട് ഗവണ്മെണ്ട് അതിന്നു ഒരു പദ്ധതി സ്വീകരിച്ചിട്ടുണ്ട്. മജിസ്ട്രേട്ട്, താസിൽദാർ, എക്സൈസ് ഇൻസ്പെക്ടർ, പോലീസ്സബ് ഇൻസ്പെക്ടർ ഇങ്ങിനെ ഉള്ള ഉദ്യോഗങ്ങളിൽ വരുന്ന ഒഴിവുകളിൽ അഞ്ചിലൊന്നു അധഃകൃതക്ക് നീക്കിവെയ്ക്കാനുള്ള ഒരു പദ്ധതി ഗവണ്മെണ്ട് സ്വീകരിച്ചിട്ടുണ്ട്. അവരിൽനിന്നൊരാളെ മജിസ്ട്രേട്ടായി വയ്ക്കണമെന്നുണ്ടെങ്കിൽ എത്രകാലം ബാറിൽ പ്രാക്ടീസ് ചെയ്തിട്ടുണ്ട് എന്നുള്ള നോട്ടം ഉണ്ടാകയില്ല എന്നുവെച്ചു അതാതു ഉദ്യോഗങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള മിനിമം കാളിഫിക്കേഷനിൽനിന്നു അവരെ ഒഴിവാക്കാൻ ഉദ്ദേശിച്ചിട്ടില്ല. മിനിമം പരീക്ഷായോഗ്യതയുള്ളവരെ എടുത്തു ടെയിനിങ്ങു കൊടുത്തു അവരെ വയ്ക്കണമെന്നാണു ഗവണ്മെണ്ട് ഉദ്ദേശിക്കുന്നതു.

മിസ്റ്റർ കെ. കെ. കണ്ണൻ: എക്സിക്യൂട്ടീവ് പവറുള്ള ഉദ്യോഗങ്ങളിൽ വല്ലതിലും അധഃകൃതരെ നിയമിക്കുകയുണ്ടായിട്ടുണ്ടോ?

റാവുസാഹിബ് കെ. അയ്യപ്പൻ: ഇവിടെ LLB. പാസ്സായിവന്ന ഒരാളോട്, മജിസ്ട്രേട്ടായി ഇരിക്കാമോ എന്നു ചോദിച്ചപ്പോൾ അദ്ദേഹം ഉദ്യോഗത്തിനവരാൻ ആഗ്രഹിക്കുന്നില്ല എന്നാണ് മറുപടി പറഞ്ഞതു. വേറെ ഒരാൾ ഇപ്പോൾ പാസ്സായിവന്നിട്ടുണ്ട്. അയാളുടെ അപേക്ഷ വന്നിട്ടുണ്ട്. ഇതുപോലേയുള്ള ഉദ്യോഗങ്ങൾക്കു യോഗ്യതയുള്ളവർ അപേക്ഷ അയക്കുകയാണെങ്കിൽ ആ കാര്യത്തിൽ വേണ്ടതുപോലെ ചെയ്യാം.

ഇവിടെ ഫ്രം 0 കോളനികൾ ഉണ്ട്. ഇനി പുതിയതായി കോളനികൾ ഉണ്ടാക്കുന്ന നയത്തെ പ്രോത്സാഹിപ്പിക്കാൻ ഗവണ്മെണ്ട് വിചാരിക്കുന്നില്ല. എന്നാൽ ഹൌസ്സ് സയിറ്റ് വേണമെന്നു ആവശ്യപ്പെടുന്നവക്ക് അതു കൊടുക്കുന്ന നയം ഗവണ്മെണ്ട് ഇനിയും വിട്ടിട്ടില്ല. അങ്ങിനെയുള്ള അപേക്ഷകളെ സംബന്ധിച്ചു ഗവണ്മെണ്ട് നടപടിയെടുക്കുന്നുണ്ട്.

മിസ്റ്റർ കെ. കെ. കണ്ണൻ: ഇതിന്നു ഒരു സ്കീം ഗവണ്മെണ്ടിന്നു ഉണ്ടാക്കാൻ പാടില്ലേ?

റാവുസാഹിബ് കെ. അയ്യപ്പൻ: ഇത്രകാലംകൊണ്ട് ഇത്ര കോളനികൾ ഉണ്ടാക്കണമെന്നുള്ളതു നിശ്ചയം ഇല്ലെന്നേയുള്ളൂ. ഇപ്പോൾ നടക്കുന്ന സമ്പ്രദായം ഒരു സ്കീമായി ധരിച്ചാൽ മതി.

മിസ്റ്റർ കെ. കെ. കണ്ണൻ: അധഃകൃതോദ്ധാരണത്തിന്നു ഒരു പദ്ധതിയനുസരിച്ചു പ്രവർത്തിക്കണമെന്നു നിർദ്ദേശിക്കുന്ന എന്റെ പല കട്ട്മോഷനും ഇവിടെയുണ്ട്. ആ കട്ട്മോഷൻസ്സ് എല്ലാം പ്രത്യേകം പ്രത്യേകം എടുത്തു ഡിസ്സ്കസ്സ് ചെയ്യണമെന്നു എനിക്കാഗ്രഹമില്ല. കോളനികൾ കൂടുതൽ വേണമെന്നുള്ള കട്ട്മോഷനും അതിലുണ്ട്. അതിന്നു പല സ്ഥലങ്ങളിൽനിന്നു ഹർജി വന്നിട്ട ഇതുവരേയും നടപടിയെടുത്തിട്ടില്ല.

റാവുസാഹിബ് കെ. അയ്യപ്പൻ: ഇതെല്ലാം അതിശയോക്തിയാണ്. വാസ്തവത്തിൽ വളരെ അപേക്ഷകൾ വന്നിട്ടുണ്ടെങ്കിൽ വളരെ അപേക്ഷകൾ സ്വീകരിച്ചിട്ടുമുണ്ടാകും.

മിസ്റ്റർ കെ. കെ. കണ്ണൻ: ഇതു ഗവണ്മെണ്ട് തെറ്റിദ്ധാരണമൂലം പറയുന്നതാണ്.

റാവു സാഹിബ് കെ. അയ്യപ്പൻ: പരമാർത്ഥമറിയാതെയാണ് ഇതു പറയുന്നതു. അതിനെപ്പറ്റിയുള്ള കട്ട്മോഷൻ മൂവുചെയ്യുമ്പോൾ ഞാൻ അതിന്നുള്ള സമാധാനം പറയാം.

LIBRARY ARCHIVES Kerala Legislative Assembly

വീടുകൾ റിപ്പെയർ ചെയ്യുന്നതിനും മറ്റും ൩൦,൦൦൦ രൂപ ഗവണ്മെണ്ടു ചിലവുചെയ്യാൻ നിശ്ചയിച്ചു. അതിൽ ൧൫,൦൦൦ രൂപ ചിലവുചെയ്തു കഴിഞ്ഞു. ഇക്കൊല്ലവും ൧൫,൦൦൦ രൂപ ചിലവുചെയ്യുന്നുണ്ടു്. ഗവണ്മെണ്ടു് ഇതിനൊരു പദ്ധതി സ്വീകരിച്ചിട്ടുണ്ടു്. ഗവണ്മെണ്ടിനെത്തന്നെ ആശ്രയിച്ചു നില്ക്കുന്ന സമ്പ്രദായത്തെ പ്രോത്സാഹിപ്പിച്ചാൽ അധഃകൃതരുടെ സ്വയംസഹായവാസന കെട്ടുപോകാൻ ഇടയുള്ളതുകൊണ്ടു് വീടുകൾ നന്നാക്കുന്നതിനു സ്വയം പരിശ്രമിക്കുന്നവർക്കു സഹായം നൽകുന്ന ഒരു നയമാണു് ഗവണ്മെണ്ടു സ്വീകരിച്ചിട്ടുള്ളതു്. പുതുതായി വീടു കെട്ടുന്നതിനുവേണ്ടി സഹായം ചെയ്യാൻ ഗവണ്മെണ്ടു കഴിഞ്ഞ കൊല്ലത്തിൽ ൫,൦൦൦ രൂപ നീക്കിവെച്ചതു് ഇക്കൊല്ലത്തിൽ ൪,൦൦൦ രൂപയാക്കിയിട്ടുണ്ടു്.

അവസാനമായി, അധഃകൃതമർദ്ദനങ്ങളെ സംബന്ധിച്ചാണു് ഒരു വാക്കു പറയാനുള്ളതു്. അധഃകൃതമർദ്ദനങ്ങളെ സംബന്ധിച്ചു ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ വരുന്ന പരാതികളെപ്പറ്റി ഗവണ്മെണ്ടു കഴിയുന്ന നടപടികളും എടുക്കുന്നുണ്ടു്.

ഈ വകുപ്പിൽ ൧൯൫൫-ൽ ൫,൩൫,൫൦൦ രൂപ ബഡ്ജറ്റിൽ കൊള്ളിച്ചിരുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റ് ൫,൩൯,൫൦൦ ആയി വർദ്ധിച്ചു. ൧൯൫൬-ൽ ൫,൦൩,൫൦൦ രൂപ വെച്ചിരിക്കുന്നു. അധഃകൃതോദ്ധാരണവേലകളും കൊല്ലംതോറും വർദ്ധിച്ചിരിക്കുന്നു എന്നുള്ളതു ബഡ്ജറ്റിൽനിന്നുതന്നെ കാണാൻ സാധിക്കും. ബഡ്ജറ്റിൽ പലപ്രകാരത്തിലും കൂടുതൽ സംഖ്യ അനുവദിച്ചുകൊണ്ടു കൂടുതൽ വേലകളും ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ള ഒരു ബഡ്ജറ്റാണെന്ന സംഗതി ഈ നിയമസഭയെ ധരിപ്പിച്ചുകൊണ്ടു് ഈ ധനാഭ്യർത്ഥന അനുവദിച്ചുതരുവാൻ ഞാൻ ഈ സഭയോടു് അപേക്ഷിച്ചുകൊള്ളുന്നു.

CUT MOTION

Rao Bahadur T. K. Nayar *(Minister for Public Health):* I second it.

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, ഓരോ കട്ടുമോഷനും ഇവിടെ അവതരിപ്പിച്ചു പ്രസംഗിച്ചു് ഈ സഭയുടെ സമയം അധികം എടുക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇതിനെ സംബന്ധിച്ചു പൊതുവേ ചില പ്രത്യേക കാര്യങ്ങളും ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിൽ സമർപ്പിക്കുവാനാണു് ഞാൻ ആഗ്രഹിക്കുന്നതു്. Therefore I may be allowed to speak for five or ten minutes. I do not want to move all the cut motions.

Mr. President: Yes, the Hon'ble Member may formally move one cut motion and speak.

Mr. K. K. Kannan *(Nominated):* I do not move the cut motion No. 3.

Mr. President: Take the most general one and speak.

(i) The necessity of extending the scheme for colonisation of the Depressed Classes

മിസ്റ്റർ കെ. കെ. കണ്ണൻ: ഞാൻ അവതരിപ്പിക്കുന്ന കട്ടുമോഷൻ ഇതാണു്. "To reduce the allotment of Rs. 2,04,219 for Uplift of Depressed Classes in Demand No. 37 by Re. 1 (To impress upon the Government the urgent necessity of extending the scheme for colonisation of the Depressed Classes)".

സർ, ഈ കട്ടുമോഷനിൽ പറഞ്ഞിട്ടുള്ള സംഗതിയെ സംബന്ധിച്ചു ബഹുമാനപ്പെട്ട മന്ത്രി അവർകളും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അധഃകൃതർക്കു കോളനികളും ഇനിയും അത്യാവശ്യമാണെന്ന ഗവണ്മെണ്ടിനെ ബോദ്ധ്യപ്പെടുത്തുവാനാണു് ഞാൻ ഈ സന്ദർഭം ഉപയോഗിക്കുന്നതു്.

റാവു സാഹിബു് കെ. അയ്യപ്പൻ: കോളനി എന്നു പറയുന്നതു ഹൌസ് സൈറ്റ് കൊടുക്കുക എന്നുള്ള അർത്ഥത്തിലാണോ പറയുന്നതു്?

മിസ്റ്റർ കെ. കെ. കണ്ണൻ: കോളനികൾ സ്ഥാപിച്ചു് അവർക്കു വീടുണ്ടാക്കിക്കൊടുക്കണം. അതിനു ഹൌസ് സൈറ്റ് കൊടുക്കുക എന്നുകൂടി അർത്ഥമാക്കാവുന്നതാണു്. അധഃകൃതർ താമസിക്കാൻ സ്ഥലമില്ലാതെ കഷ്ടപ്പെടുന്നു എന്നുള്ള സംഗതി ഗവണ്മെണ്ടിനെ അറിയിക്കാനാണു് ഈ കട്ടുമോഷൻ ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. എത്രയോ നാലഞ്ചുകൊല്ലത്തോളമായിട്ടുണ്ടു്, അധഃകൃതർക്കു താമസിക്കുവാൻ സ്ഥലമില്ലെന്നുള്ള പരാതി ഗവണ്മെണ്ടിനെ അറിയിച്ചുതുടങ്ങിയിട്ടു്. വളരെ അധികം ആവലാതികളും ഈ കാര്യത്തിൽ ഗവണ്മെണ്ടിനു കി

LIBRARY ARCHIVES Kerala Legislative Assembly